# 88. വെള്ളക്കോളർക്കുററങ്ങൾ

കൊല, കൊള്ള, കൊള്ളിവെപ്പ്, ബലാത്സംഗം, മോഷണം മുതലായവ തടയപ്പെടേണ്ട കുററങ്ങളാണെന്ന് അംഗീകരിക്കാത്ത ജനവിഭാഗങ്ങളില്ല സമൂഹത്തിന്റെ ഭദ്രതയ്ക്കു നേരെ ഭീഷണി ഉയർത്തുന്ന ഇത്തരം കുററങ്ങൾ ചെയ്യുന്നവരോട് അനുകമ്പയോ അനുഭാവമോ ഉള്ളവർ ചുരുങ്ങും. ഈ മാതിരി കുററങ്ങളോട് സമൂഹത്തിന് സ്വാഭാവികമായുണ്ടാകുന്ന പ്രതികരണം ഭയവും വെറുപ്പും വിരോധവുമാകുന്നു. കൊലയാളിയെയോ മോഷ്ടാവിനെയോ കൈയിൽ കിട്ടിയാൽ ഒരു ജനക്കൂട്ടവും വെറുതെ വിട്ടുവെന്നുവരില്ല. കുററക്കാർക്കെതിരെയുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിൽ അധികൃതരെ സഹായിക്കുന്നത് സ്വന്തം കടമയാണെന്നു കരുതാത്ത പൗരർ കുറവാണ്. പൗരബോധത്തിന്റെ വലിയ ഒരു ഘടകമാണ് കുററത്തിനും കുററക്കാരനും എതിരായ മനോഭാവം.

ഇപ്പറഞ്ഞതൊക്കെ പഴയ കുററങ്ങളാണ്. 'കറുത്ത കുററങ്ങൾ' (ബ്ലാക്ക് ക്രൈംസ്) എന്ന് വേണമെങ്കിൽ നമുക്ക് ഇവയെ വിളിക്കാം. മനുഷ്യർ സമൂഹങ്ങളായി ചേർന്നു ജീവിക്കാൻ തുടങ്ങിയ കാലംമുതൽ ഈമാതിരി കുററങ്ങളും, അവ ചെയ്യുന്നവർക്കെതിരെ വധം, അംഗഭംഗം, തടവ്, പിഴയിടൽ, നാടുകടത്തൽ മുതലായ ശിക്ഷകളും നിലവിലിരുന്നു. ഏതുതരം സാമൂഹ്യവ്യവസ്ഥിതിയിലും കുററവാസനക്കാരായ കുറെ ആളുകളെ കാണാം. വ്യവസ്ഥിതിയുടെ ദോഷത്തെക്കാളേറെ മനസ്ഥിതിയുടെ ദോഷമാണിത്. വികലാംഗന്മാർ ഏതു സമൂഹത്തിലും ഉണ്ടാവുമല്ലോ. ഇതുപോലെ വികലമനസ്സുകളും എല്ലാത്തരം വ്യവസ്ഥിതികളിലും കണ്ടേക്കും. മനസ്സിന്റെ വൈകല്യം കുററവാസനയോ കുററംചെയ്യുന്നതിലുള്ള ആഹ്ലാദമോ കുററംചെയ്യാതിരുന്നാൽ അസ്വാസ്ഥ്യമോ ഒക്കെയായി പ്രത്യക്ഷപ്പെടുന്നത് അസാധാരണമല്ല. സമൂഹത്തെയും വ്യക്തികളെയും രക്ഷിക്കുന്നതിനുവേണ്ടി കുററക്കാരെ അമർച്ചചെയ്യുന്നത് ഏതുതരം ഭരണകൂടത്തിന്റെയും ഒന്നാമത്തെ ചുമതലയായാണ് പരിഗണിക്കപ്പെടുന്നത്.

ആധുനിക–പരിഷ്കൃത സമൂഹത്തിന്റെ സവിശേഷതയായ മറെറാരുതരം കുററങ്ങളെപ്പററി പറയാനാണ് ഇവിടെ എന്റെ യത്നം. 'വെള്ളക്കോളർക്കുററങ്ങൾ' (വൈററ് കോളർ ക്രൈംസ്)എന്ന പേരിൽ ഈ കുററങ്ങൾ പൊതുവെ അറിയപ്പെടുന്നു. വികലമായ മനസ്സിനു സഹജമായ കുററവാസനതന്നെയാണ് ഇത്തരം കുററങ്ങളുടെയും അടിയിലുള്ളത്. എന്നാൽ, ഈ കുററക്കാർ പൊതുവെ വിദ്യാഭ്യാസം—പലപ്പോഴും ഉയന്ന വിദ്യാഭ്യാസംതന്നെ—ഉള്ളവരായിരിക്കും. വിദ്യാഭ്യാസംകൊണ്ടു് ഉണ്ടാകുന്ന വൈദഗ്ദ്ധ്യങ്ങളോടൊപ്പം അവർക്ക് ഉയർന്ന തോതിലുള്ള ബുദ്ധിശക്തിയും കാണും. 'കറുത്ത കുററക്കാരെ'പ്പോലെതന്നെ ഇവരും ഉദ്ദേശിക്കുന്നതു സമൂഹത്തിനും വ്യക്തികൾക്കും ദ്രോഹം ചെയ്യാനാണ്. പക്ഷേ, അതിന് 'വെള്ളക്കോളർക്കുററക്കാർ' ഉപയോഗിക്കുന്ന മാർഗം ബലപ്രയോഗത്തിന്റേതാവില്ല; ബുദ്ധിയുടെയും സംഘടനാപാടവത്തിന്റെയും നിയമപരിജ്ഞാനത്തിന്റെയും വിഭവസമൃദ്ധിയുടെയും മാർഗമായിരിക്കും. നിയമത്തെ തോല്പിക്കാൻ ഇവർ നിയമത്തെത്തന്നെ ഉപയോഗപ്പെടുത്തുന്നു. ഇക്കാരണത്താൽ സമൂഹം ഇക്കൂട്ടരോട് ശത്രുക്കളോടെന്നപോലെ പെരുമാറുന്നില്ല. മറിച്ച്, പലപ്പോഴും ഇവർ സമൂഹത്തിന്റെ ആദരം പിടിച്ചുപററുകയുംചെയ്യുന്നു.

വഞ്ചന, നികുതിവെട്ടിപ്പ്, കള്ളനോട്ടടി, കള്ളപ്രമാണങ്ങൾ ഉണ്ടാക്കൽ, കള്ളക്കടത്ത്, കുഴൽപ്പണം, മയക്കുമരുന്നുവ്യാപാരം, വിസ തട്ടിപ്പ്, ചരിത്ര

പ്രാധാന്യമുള്ള കലാവസ്തുക്കൾ കട്ട് മറുനാടുകളിലേക്കയയ്ക്കൽ, സംഘടിതമായ വ്യഭിചാരം, അങ്ങനെ വെള്ളക്കോളർക്കുററങ്ങൾ പല ശാഖകളായി വികസിച്ചുവന്നിട്ടുണ്ട്. വെള്ളക്കോളർക്കുററക്കാർ പൊതുവെ പോലീസുകാർക്കു വലിയൊരു തലവേദനയാണ്. സമൂഹത്തിലെ ഉയർന്ന വർഗങ്ങളിൽപ്പെട്ടവരാണ് ഈ കുററക്കാർ എന്നതുതന്നെ മുഖ്യമായ കാരണം. അവർക്ക് അധികാരത്തിന്റെ ഉന്നത മേഖലകളിൽ പല പിടിപാടുകളും കാണും. അതാലോചിക്കാതെ അവരെ ചെന്ന് എതിർക്കുന്ന പോലീസ് ഉദ്യോഗസ്ഥന് സ്ഥലംമാററമോ, സസ്പെൻഷനോ ഡിസ്മിസ്സലോ ഒക്കെ ലഭിച്ചുവെന്നുവരും. പോലീസുകാർക്ക് ഇല്ലാത്ത വിവേകബുദ്ധി ഈ കുററക്കാരിൽ പലർക്കുമുണ്ട്. നാട്ടിൽ കിട്ടാവുന്ന ഏററവും പ്രഗത്ഭരായ അഭിഭാഷകരെ കൂലിക്കെടുത്ത് ഈ കുററക്കാർ തങ്ങളുടെ കേസ് വാദിക്കും. നിയമം ഒരു കീറവലയാണ്. ബുദ്ധിയുള്ള മത്സ്യങ്ങൾക്ക് അതിൽനിന്നു പുറത്തു കടക്കാൻ പല പഴുതുകളുമുണ്ട്. വെള്ളക്കോളർക്കുററങ്ങൾ ചെയ്യുന്നതിനു പല ആധുനിക സങ്കേതങ്ങളും വികസിച്ചുവന്നിട്ടുണ്ട്. പാവം പോലീസുകാർ ഈ സമ്പ്രദായങ്ങളെപ്പററി സ്വപ്നം കണ്ടിട്ടുതന്നെയുണ്ടാവില്ല. വെള്ളക്കോളർക്കുററവാളികളുമായി ചങ്ങാത്തം സ്ഥാപിക്കുന്നത് പോലീസുകാരെ സംബന്ധിച്ചിടത്തോളം സുരക്ഷിതം മാത്രമല്ല, ആദായകരംകൂടിയായ ഒരേർപ്പാടായിരിക്കും. ആദായം വിട്ട് അപകടം തിരഞ്ഞെടുക്കാൻ പോലീസുകാർക്കിടയിൽത്തന്നെ എത്ര പേർ കാണും?

കളവായ ചെക്കുകളും ഡ്രാഫ്ററുകളും ഹാജരാക്കി വൻ തുകകൾ ബാങ്കുകളിൽനിന്നു തട്ടിയെടുക്കുന്നത് ഇപ്പോൾ സാർവത്രികമായിത്തീർന്നിട്ടുണ്ട്. ഈ തട്ടിപ്പുകളിൽ പലപ്പോഴും ബാങ്ക് ഉദ്യോഗസ്ഥന്മാരും പങ്കാളികളാകാറുണ്ട്. സ്വന്തം ബാങ്കിൽ കൃത്രിമപ്പേരുകളിൽ ചില അക്കൗണ്ടുകളുണ്ടാക്കാൻ ഒരു ഉദ്യോഗസ്ഥന് പ്രയാസമുണ്ടാവില്ലല്ലോ. ഇത്തരം അക്കൗണ്ടുകളിൽനിന്നു പിന്നീട് പതിനൊന്നരലക്ഷത്തോളം രൂപ 'പിൻവലിച്ച' ഒരു ദില്ലിബാങ്ക് കാഷിയറുടെ കേസ് ഈ ആണ്ടിന്റെ പ്രാരംഭമാസങ്ങളിൽ നമ്മുടെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. പാലക്കാട്ടെ ഒരു ബാങ്കിൽ വലിയ തുകയുള്ള ഒരു കൃത്രിമ ഡ്രാഫ്ററ് സമർപ്പിച്ച് അറസ്റ്റിൽപ്പെടുംമുമ്പ് അന്തർധാനം ചെയ്ത വിദേശീയ ദമ്പതികളുടെ കഥ ഈയിടെയാണല്ലോ നാം വായിച്ചത്.

നികുതിവെട്ടിപ്പിന്റെ കഥ പറഞ്ഞാൽ അവസാനമില്ല. 'വെള്ളപ്പണ'ത്തോളമോ, അതിലധികമോ ശക്തമാണ് ഇന്ത്യയിൽ ഇന്ന് 'കള്ളപ്പണം'. അവിരാമമായി ഗംഗാപ്രവാഹംപോലെ കള്ളപ്പണം ഉറന്നൊലിക്കുന്ന 'ഗോമുഖം' നികുതിവെട്ടിപ്പാകുന്നു. കയററി അയയ്ക്കുന്ന സാധനങ്ങൾക്കു വില കുറച്ചു കാട്ടുക (അണ്ടർ–ഇൻവോയ്സിങ്) ഇറക്കുമതിചെയ്യുന്ന സാധനങ്ങൾക്കു വില കൂടുതൽ കാട്ടുക (ഓവർ ഇൻവോയിസിങ്) കുഴൽപ്പണം മറുനാടൻ കമ്പനികളിൽനിന്നു സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന കോഴ (കിക്ക്ബാക്ക്) മുതലായ പല മാർഗങ്ങളിലൂടെ വൻതുകകൾ വിദേശങ്ങളിൽ നേടി സ്വിസ് ബാങ്കുകളിലും മററും അവ സൂക്ഷിക്കുന്ന ഇന്ത്യക്കാരെപ്പററി സാമാന്യമായെങ്കിലും നമുക്കറിയാം. കള്ളപ്പണത്തിൽ ഒരു ചെറിയഭാഗം മാത്രമാണ് ഇങ്ങനെ മറുനാടുകളിൽ സംരക്ഷിക്കപ്പെടുന്നത്. അതിന്റെ വളരെ വലിയഭാഗം ഇന്ത്യയിൽ സ്ഥിരനിക്ഷേപമായോ, പ്രവർത്തനമൂലധനമായോ ഉപയോഗിക്കപ്പെട്ടുവരുന്നു. കള്ളപ്പണത്തിന്റെ ഒരു സവിശേഷത അതു കൂടുതൽ കള്ളപ്പണത്തെ പ്രസവിച്ചുകൊണ്ടേയിരിക്കുമെന്നതാണ്. കൂട്ടപലിശക്കണക്കിനാണ് ഇന്ത്യയിൽ കള്ളപ്പണം പെരുകിവരുന്നത്. ഇതിന്റെ സ്രോതസ്സ് കൂടുതലും നികുതിവെട്ടിപ്പത്രേ.

കള്ളനോട്ടുണ്ടാക്കുന്നതിനേക്കാൾ എളുപ്പമാണ് ഒരു കള്ള ഡ്രാഫ്ററ് ഉണ്ടാക്കാൻ. മികച്ച ഉപകരണങ്ങളും നല്ല വൈദഗ്ധ്യവുമുള്ള ഒരു അച്ചടിക്കാരനേ തൃപ്തികരമായി ഒരു കള്ളനോട്ട് ഉണ്ടാക്കാൻ പററൂ. എന്നിട്ടും ഇന്ത്യൻ രൂപയുടെ മാത്രമല്ല, ഡോളർപോലെയുള്ള വിദേശനാണയങ്ങളുടെയും കള്ളനോട്ടുകൾ

ഇന്ത്യയിൽ നിർമിക്കപ്പെടുകയും ഇടയ്ക്കിടെ പിടിക്കപ്പെടുകയും ചെയ്യുന്നുണ്ട്. നാം നിത്യേന ഉപയോഗിക്കുന്ന നോട്ടുകളിൽ ശരിയായവ എത്ര, കള്ളനോട്ടുകൾ എത്ര എന്ന് വ്യവച്ഛേദിച്ച് പറയുക പ്രയാസമായിരിക്കും.

ആവശ്യത്തിനു സ്വർണം ഉല്പാദിപ്പിക്കാത്തതിനാൽ ഇന്ത്യയിൽ സ്വർണവില എക്കാലത്തും മറുനാടുകളിലേക്കാൾ കൂടുതലാണ്. അതിനാൽ സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഇന്ത്യയിലേക്ക് സ്വർണം കളവായി കടത്തിക്കൊണ്ടുവന്നിരുന്നു. 'അറബിപ്പൊന്ന്' മലയാളത്തിലെ ഒരു ശൈലിയായി മാറിയത് അടുത്തകാലത്തൊന്നുമല്ല. സ്വർണത്തിന്റെ കള്ളക്കടത്ത് പിന്നെപ്പിന്നെ വർധിച്ചുവരികയാണ്. സ്വർണത്തിന്റെ കള്ളക്കടത്തുപോലെ ആദായകരമാണ് വാച്ചുകൾ, പേനകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, തുണിത്തരങ്ങൾ, വീഡിയോ കാസററ് റിക്കോഡറുകൾ മുതലായ വിദേശനിർമിതങ്ങളായ ഉപഭോഗവസ്തുക്കളുടെ കള്ളക്കടത്ത്. ഈയിടെയായി പലതരത്തിലുള്ള ഭീകരപ്രവർത്തനങ്ങളും മതകലഹങ്ങളും ഇന്ത്യയിൽ ശക്തിപ്പെട്ടതോടെ ആയുധങ്ങളുടെ കള്ളക്കടത്തും ക്രമാതീതമായി പെരുകിയിട്ടുണ്ട്. കളവായി കടത്തുന്ന ഈ സാധനങ്ങൾ എല്ലാം കരവഴിക്കും കടൽവഴിക്കും ഇന്ത്യയിലേക്ക് ഒഴുകിയെത്തുന്നു. കള്ളക്കടത്തുസാധനങ്ങൾ വിററുകിട്ടുന്ന തുകയിലൊരു ഭാഗം 'കുഴൽപ്പണ'മായി ഇവിടെ വിതരണം ചെയ്യപ്പെടുന്നു. മറുനാടുകളിൽ ജോലിചെയ്യുന്ന ഇന്ത്യക്കാർ തങ്ങളുടെ സമ്പാദ്യത്തിലൊരു പങ്ക് ഇന്ത്യയിലുള്ള തങ്ങളുടെ കുടുംബക്കാർക്ക് അയച്ചുകൊടുത്തുവരുന്നുണ്ട്. സ്വാഭാവികമായി ഇതിനു ചെയ്യേണ്ടത് മറുനാടുകളിലെ നാണ്യങ്ങൾ അതാതിടത്തു ബാങ്കിലടയ്ക്കുകയും അതിനു തുല്യമായ ഇന്ത്യൻനാണ്യം ബാങ്കിലൂടെ ഇന്ത്യയിൽ ലഭ്യമാക്കുകയുമാണ്. ഇങ്ങനെ ചെയ്യുമ്പോൾ മറുനാടൻ ഇന്ത്യക്കാരുടെ കുടുംബക്കാർക്ക് രൂപ കിട്ടുന്നതോടൊപ്പം ഇന്ത്യാഗവണ്മെൻറിനു വിദേശവ്യാപാരത്തിന് അത്യാവശ്യമായ വിദേശനാണ്യവും ലഭിക്കുന്നു. മറുനാടുകളിലെ ഇന്ത്യക്കാരുടെ പണം വിദേശനാണ്യമായിത്തന്നെ കള്ളക്കടത്തുകാർ വാങ്ങി വിദേശബാങ്കുകളിൽ സ്വന്തം പേരിൽ നിക്ഷേപിച്ച് അതിനു പകരം ഈ ഇന്ത്യക്കാരുടെ ഇന്ത്യയിലുള്ള കുടുംബാംഗങ്ങൾക്ക് കള്ളക്കടത്തുവഴി തങ്ങൾ നേടിയ രൂപ വിതരണംചെയ്യുന്നതിനെയാണ് 'കുഴൽപ്പണം' എന്നു വിളിക്കുന്നത്. ഈ ഏർപ്പാടിൽ അമൂല്യമായ വിദേശനാണ്യം ഇന്ത്യാഗവണ്മെൻറിനു നഷ്ടപ്പെടുന്നു.

രാഷ്ട്രങ്ങൾക്കിടയിലുള്ള കള്ളക്കടത്തു വ്യാപാരത്തിലെ പ്രധാനപ്പെട്ട ചരക്ക് ഇപ്പോൾ മയക്കുമരുന്നുകളാണ്. തായ്‌ലാൻഡ്, കമ്പൂച്ചിയ, ബർമ മുതലായ പ്രദേശങ്ങൾ ഉൾപ്പെട്ട 'സ്വർണത്രികോണം' പ്രദേശത്തുനിന്നും, ഇറാൻ, അഫ്ഘാനിസ്ഥാൻ, പാകിസ്ഥാൻ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട 'സ്വർണച്ചന്ദ്രക്കല' പ്രദേശത്തുനിന്നുമാണ് മയക്കുമരുന്ന് ഇന്ത്യയിലേക്ക് ഒഴുകിയെത്തുന്നത്. ഇന്ത്യയിൽനിന്ന് ഈ വിഷദ്രവ്യത്തിൽ കുറെ ഭാഗം യൂറോപ്പിലേക്കും അമേരിക്കയിലേക്കും കയററിയയയ്ക്കുന്നു. വളരെ വലിയ ഒരു ഭാഗം ഇവിടെത്തന്നെ ചെലവാവുകയും ചെയ്യുന്നു. ഈ കള്ളക്കടത്തു തടയാനായി 'മയക്കുമരുന്നുകളും മനോവിഭ്രമകരവസ്തുക്കളും സംബന്ധിച്ച നിയമം (നാർകോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട്—എൻ. ഡി. പി. എസ്. ആക്ട്) ഇന്ത്യാഗവണ്മെൻറ് 1985–ൽ പാസ്സാക്കി. ഇതനുസരിച്ച് 1987 അവസാനിക്കുമ്പോഴേക്ക് നാലായിരത്തിനാനൂററിമുപ്പത്തൊന്ന് ആളുകളുടെമേൽ നാലായിരത്തിമുന്നൂറെറൺപത്തിനാലു കേസുകൾ രജിസ്റ്റർചെയ്തെങ്കിലും ശിക്ഷയുണ്ടായത് നൂററിരുപത്തിരണ്ടു കേസുകളിൽ മാത്രമാണ്. കള്ളക്കടത്തുവ്യാപാരത്തിന്റെ തലച്ചോറെന്നു പറയാവുന്ന വൻകിട പുള്ളികൾ രക്ഷപ്പെടുകയും ഏററവും താഴേക്കിടയിലുള്ള ചില കൂലിത്തൊഴിലാളികൾ മാത്രം ശിക്ഷിക്കപ്പെടുകയുമാണ് സാധാരണ പതിവ്. ഇവരിൽത്തന്നെ പലരും തങ്ങൾ മയക്കുമരുന്നുവിതരണക്കാരല്ല അതു് ഉപയോഗിക്കുന്ന നിസ്സഹായർ മാത്രമാണെന്നു പറഞ്ഞ് നിസ്സാര ശിക്ഷ വാങ്ങി കഴിച്ചിലാ

വുന്നു. ഇപ്പോൾ ഇന്ത്യയിലെ ഏതാണ്ടെല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ഹെറോയ്ൻ, ബ്രൗൺഷുഗർ എന്നീ കറുപ്പ് (അവീൻ) ഉല്പന്നങ്ങളും കഞ്ചാവും യഥേഷ്ടം കിട്ടുന്നുണ്ട്. മയക്കമരുന്നടിമകളെ ചികിത്സിക്കാനും മയക്കമരുന്നുപയോഗത്തിനെതിരെ പ്രചാരണം നടത്താനും സർക്കാർ ചെലവഴിക്കുന്ന പണം ഏറെക്കുറെ മുഴുവനായും വൃഥാ വ്യയമായിത്തീരുകയുമാണ്. ലക്ഷക്കണക്കിനു ചെറുപ്പക്കാർ മയക്കമരുന്നുകൾക്ക് അടിമകളായി സ്വന്തം ജീവിതവും കുടുംബാംഗങ്ങളുടെ ജീവിതവും നശിപ്പിച്ച് കുററക്കാരും രോഗികളുമായി മാറിക്കൊണ്ടിരിക്കുന്നു. ഈ വ്യാപാരം നടത്തുന്നവരാകട്ടെ ലോകത്തിലെ ഏററവും മുന്തിയ പണക്കാരായി വിലസുകയുംചെയ്യും!

മയക്കമരുന്നുകച്ചവടം പലപ്പോഴും ഭീകരപ്രസ്ഥാനക്കാരുടെ കൈയിലെത്തിപ്പെടുകയാണു പതിവ്. കാരണം, അക്രമിസംഘങ്ങൾക്കു മാത്രമേ ഈ കള്ളക്കച്ചവടം തുടർന്നു നടത്താനാവൂ. അതിനാൽ അഫ്ഘാനിസ്ഥാനിലെയും പഞ്ചാബിലെയും മററും ഉഗ്രവാദികൾ മയക്കമരുന്നു കച്ചവടക്കാർകൂടിയാണ്. മയക്കമരുന്നു കള്ളക്കച്ചവടത്തിലൂടെ വിദേശങ്ങളിൽനിന്നു കിട്ടുന്ന പണം ഉപയോഗപ്പെടുത്തി അവർ ആയുധങ്ങൾ വാങ്ങി കടത്തിക്കൊണ്ടുവരുന്നു. സിലോണിലെ ഈഴം വിമോചനപ്പുലികൾ ഇന്ത്യയിലേക്കു വലിയ തോതിൽ മയക്കമരുന്നു കടത്തിക്കൊണ്ടുവരികയും ഇവിടത്തെ കരിഞ്ചന്തയിൽനിന്നു തങ്ങൾക്കാവശ്യമുള്ള ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങി കൂട്ടുകയുംചെയ്യുന്നതായി പറയപ്പെടുന്നുണ്ട്. മുമ്പു പറഞ്ഞ സ്വർണത്രികോണം, സ്വർണച്ചന്ദ്രക്കല എന്നീ പ്രദേശങ്ങളിലും ലാററിൻ അമേരിക്കയിലെ പല രാജ്യങ്ങളിലും സർക്കാരിന്റെ അനുമതിയോടെ വലിയ തോതിൽ കറുപ്പു കൃഷിചെയ്തുവരുന്നു. കേരളത്തിലെ ഇടുക്കിജില്ലയിൽ വ്യാപകമായി കഞ്ചാവുകൃഷി നടക്കുന്നതിനും സർക്കാർ (അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥർ) മൗനാനുവാദമെങ്കിലും നൽകുന്നതായാണ് വിശ്വസിക്കപ്പെടുന്നതു്. ഏതു തരത്തിലുള്ള കള്ളക്കടത്തും 'രാഷ്ട്രീയ'വും തമ്മിലുള്ള അവിശുദ്ധമായ ബന്ധം എന്നും അങ്ങാടിപ്പാട്ടാണ്.

ഇക്കഴിഞ്ഞ ഏതാനും ദശാബ്ദങ്ങൾക്കിടയിലാണ് 'വിസതട്ടിപ്പ്' എന്ന വെള്ളക്കോളർകുററം വ്യാപകമായ രൂപം കൈക്കൊണ്ടു വളർന്നതു്. ഗൾഫ് രാജ്യങ്ങളിൽ എണ്ണ കുഴിച്ചെടുക്കാൻ തുടങ്ങിയതിനെത്തുടർന്ന് അങ്ങോട്ടു ദരിദ്ര രാജ്യങ്ങളിലെ ജനങ്ങളുടെ പ്രവാഹം ആരംഭിച്ചു. അവർക്കാവശ്യമായ വിസയും (യാത്രാനുവാദപത്രവും) മററു രേഖകളും വാങ്ങിക്കൊടുക്കാമെന്നു വാഗ്ദാനം ചെയ്ത് അധികൃതസ്ഥാനങ്ങളിൽ 'പിടി' ഉള്ളവരും 'പിടി' ഉണ്ടെന്നു നടിക്കുന്നവരും വലിയ തോതിൽ പണം തട്ടിയെടുക്കാൻ തുടങ്ങുകയുംചെയ്തു. ഇതു് ഇന്ത്യയിലെ മാത്രം സ്ഥിതിയല്ല. ഗൾഫ്‌രാജ്യങ്ങളിലേക്കെന്നപോലെ അമേരിക്ക, കാനഡ, ആസ്ത്രേലിയ മുതലായ പ്രദേശങ്ങളിലേക്കു വിസ വാങ്ങിക്കൊടുക്കാൻവേണ്ടി പണം പററുന്ന വ്യക്തികളും സംഘടനകളും പല രാജ്യങ്ങളിലുമുണ്ട്. മിക്കപ്പോഴും ഇവർ പാസ്പോർട്ടുകളും വിസകളും മററു രേഖകളും വ്യാജമായി സൃഷ്ടിക്കുകയാണുചെയ്യുന്നതു്. ഈ തട്ടിപ്പുകാരിൽ അപൂർവം ചിലർ വല്ലപ്പോഴും പിടിക്കപ്പെടാറുണ്ടെങ്കിലും ഭൂരിഭാഗവും നിയമത്തിലെ പഴുതുകൾ ഉപയോഗിച്ചു രക്ഷപ്പെടുകയാണു പതിവ്.

വിദ്യാർത്ഥികൾക്ക് സ്കൂളുകളിലും കോളജുകളിലും പ്രവേശനവും യോഗ്യതയുള്ള ചെറുപ്പക്കാർക്ക് ഉദ്യോഗവും വാഗ്ദാനംചെയ്ത് കൈക്കൂലി വാങ്ങുന്നവരെയും ഇക്കൂട്ടത്തിൽ പെടുത്താം. ഇവർക്കെതിരെ യാതൊരു നടപടിയും സർക്കാർ എടുക്കുന്നില്ല. മാത്രമോ? ഇങ്ങനെ വിദ്യാലയങ്ങളിൽ സീററുകളും ഉദ്യോഗങ്ങളും ലേലംചെയ്തു വിൽക്കുന്നതിനെ നമ്മുടെ നാട്ടിലെ രാഷ്ട്രീയകക്ഷികളും അവ നയിക്കുന്ന സർക്കാരുകളും പ്രോത്സാഹിപ്പിക്കുന്നതുകൂടിയുണ്ട്. അതായതു് ഇത്തരം നികൃഷ്ടകൃത്യങ്ങളെ കുററങ്ങളാണെന്നു തിരിച്ചറിയാൻ ആവശ്യമായ സംസ്കാരംപോലും നാം നേടിക്കഴിഞ്ഞിട്ടില്ല!

കലാവസ്തുക്കൾ കട്ട് മറുനാടുകളിലേക്ക് കടത്തൽ ഇന്ത്യയിൽ ഒരു വൻകിട വ്യവസായമായി മാറിയിട്ടുണ്ട്, വളരെ വർഷങ്ങളായി. സമൂഹത്തിൽ വളരെ ഉയർന്ന പദവിയിൽ കഴിയുന്നവരാണ് ഈ വ്യാപാരത്തിലും മേധാവിത്വം പുലർത്തുന്നത്. അപൂർവമായേ ഇവർ പോലീസിന്റെ കെണിയിൽ വീഴാറുള്ളൂ. കുറ്റം തെളിഞ്ഞവരെത്തന്നെ ശിക്ഷിക്കാൻ ഇന്ത്യയിലെ പ്രാചീനവസ്തു—കലാശേഖര—നിയമം (ആന്റി ക്വിറ്റീസ് ആൻഡ് ആർട്ട് ട്രെഷേഴ്സ് ആക്ട്) അപര്യാപ്തമാണ്. ഈ ജൂലൈയിൽ ദില്ലിയിൽ കട്ട് കടത്താൻ ഒരുക്കി വെച്ചിരുന്ന ഒരു വലിയ കലാവസ്തുശേഖരം പോലീസ് കണ്ടെടുത്തു. ഈ വസ്തുക്കളിൽ പിടിയിൽ രത്നം പതിച്ച ഏതാനും കഠാരികളും ഉൾപ്പെട്ടിരുന്നു. അതിനാൽ ആയുധനിയമം അനുസരിച്ചാണ് പ്രതികളുടെമേൽ പോലീസ് കുറ്റപത്രം തയ്യാറാക്കിയത്. കലാവസ്തുക്കളിൽ ഏതാനും നഗ്നപ്രതിമകൾ അടങ്ങിയിരുന്നതിനാൽ അശ്ലീലപ്രചരണവും അവരുടെ പേരിൽ പോലീസ് ചുമത്തി. പ്രതികൾക്ക് കൂടുതൽ കടുത്ത ശിക്ഷ നൽകണമെന്നു വാദിക്കാൻ ഇതു് ആവശ്യമായിരുന്നു.

ഇന്ത്യയിലെ മാത്രമല്ല, എല്ലാ ദരിദ്രരാജ്യങ്ങളിലെയും ഒരു വൻകിട വെള്ളക്കോളർകുറ്റമാണ് സംഘടിതമായ വേശ്യാവൃത്തി. രാഷ്ട്രീയസ്വാധീനവും വിപുലമായ സംഘടനാബലവുമുള്ള പണക്കാരായ റൗഡികളാണ് പാവപ്പെട്ട സ്ത്രീകളെ കുടുക്കി അവരുടെ ശരീരം വിറ്റ് വലിയ തോതിൽ പണം നേടുന്നത്. പുത്തൻ പണക്കാരും 'ടൂറിസ്റ്റു'കളും പെരുകിവരുന്ന തോതിന് ഈയിടെയായി ഇന്ത്യയിൽ സംഘടിതവ്യഭിചാരം സാർവത്രികമായിത്തീരുകയാണെന്ന് ഈ ജൂലൈയിൽ ദില്ലിയിൽ നടന്ന ഒരു സെമിനാറിൽ പ്രസ്താവിക്കപ്പെട്ടു. മുമ്പ് വേശ്യകൾ കാണപ്പെട്ടിരുന്നതു് നഗരങ്ങളിലെ ചുവന്ന തെരുവുകളിൽ മാത്രമായിരുന്നു. ഇന്നു 'കാൾഗേളുകൾ' എന്ന പേരിൽ എല്ലാ ഹോട്ടലുകളിലും അവർക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു. ഇവരെ പിടികൂടാൻ പോലീസുകാർക്ക് ഭയമാണ്. കാരണം, ഇവരുടെ പിന്നിൽ സ്വാധീനശക്തിയുള്ള ഏതു രാഷ്ട്രീയക്കാരനാണ് ഉള്ളതെന്ന് എങ്ങനെ അറിയാം? വ്യഭിചാര നിരോധനിയമമനുസരിച്ച് വല്ലപ്പോഴും പോലീസുകാർ നഗരങ്ങളിലെ കുപ്രസിദ്ധങ്ങളായ വേശ്യാലയങ്ങളിൽ 'റെയ്ഡ്' നടത്തിയെന്നുവരാം. ഇവിടെയൊക്കെ ശിക്ഷിക്കപ്പെടുന്നതു് പുരുഷന്മാരായിരിക്കയില്ല, പാവപ്പെട്ട വല്ല സ്ത്രീകളുമായിരിക്കും. വ്യഭിചാര വ്യാപാരനിരോധത്തിന് പര്യാപ്തമായ നിയമമോ, നിയമം നടപ്പിൽ വരുത്താൻ ആവശ്യമായ സംവിധാനമോ ഇനിയും നാട്ടിൽ ഇല്ലെന്നതായിരുന്നു ദില്ലി സെമിനാറിന്റെ നിഗമനം.

വെള്ളക്കോളർകുറ്റങ്ങൾ സമൂഹത്തിനും അതിലെ വ്യക്തികൾക്കും എതിരായ കുറ്റങ്ങളാണെന്ന ധാരണ നമ്മുടെ നാട്ടുകാരിൽ ഇനിയും ഉണ്ടായിട്ടില്ല. വല്ലും ആദായം ഉണ്ടെന്നു തോന്നിയാൽ കള്ളക്കടത്തുകാരിൽനിന്നു പൊന്നോ വിദേശനിർമിതങ്ങളായ ഉപഭോഗവസ്തുക്കളോ വാങ്ങാൻ നമ്മളിൽ പലരും തയ്യാറാവും. കോഴ കൊടുത്തു വിസ വാങ്ങിയ എത്ര ചെറുപ്പക്കാരാണ് നമ്മുടെ ഇടയിലുള്ളതു്! ജോലിക്കും സ്കൂൾ—കോളജ്—പ്രവേശനത്തിനും കോഴ നൽകുമ്പോൾ തങ്ങൾ ഒരു കുറ്റം ചെയ്യുകയാണെന്ന ധാരണ എത്ര പേർക്കുണ്ട്? ലഹരിയിലെന്നപോലെ പണത്തിലുമുള്ള ആകർഷണംമൂലമാണ് മയക്കുമരുന്നു വ്യാപാരം നമ്മുടെ നാട്ടിൽ സാർവത്രികമായിത്തീർന്നിട്ടുള്ളതു്.

എന്നാണു നമുക്ക് ശരിയായ പൗരബോധം ഉണ്ടാവുക? എന്നാണ് ആ പൗരബോധം ക്രിയാത്മകമാവുക? വെള്ളക്കോളർകുറ്റങ്ങൾക്കെതിരെ അണിനിരക്കാൻ എന്നാണു നാം തയ്യാറാവുക?

(29 ജൂലൈ, 1988)